14/11
21/1/20

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ- പെരുമ്പാവൂർ വളയംചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജിൽ കെമിസ്ട്രി വിഭാഗത്തിൽ 3 അദ്ധ്യാപക തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ ( ഡി) വകുപ്പ്

സ.ഉ (കൈ)നം.41/2020/ഉ.വി.വ. തീയതി. തിരുവനന്തപുരം, 19/01/2020

പരാമർശം - 1) 12.9.2013 ലെ സ.ഉ (കൈ)നം.315/13/ഉവിവ
2) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 12.11.2015 തീയതിയിലെ ഡി4/30964/15/കോ.വി.വ. നമ്പർ കത്ത്
3) WP© 1362/2018 മേലുള്ള 17.01.2019 തീയതിയിലെ വിധിന്യായം

**ഉത്തരവ്**

പെരുമ്പാവൂർ വളയംചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജിൽ പരാമർശം (1) പ്രകാരം അനുവദിച്ച എം. എസ്. സി കെമിസ്ട്രി കോഴ്സിന്റെ ജോലിഭാരംകൂടി കണക്കിലെടുത്ത് തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിഗണിക്കുവാൻ പരാമർശം (3) പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. ടി കോളേജിൽ കെമിസ്ട്രി വിഭാഗത്തിൽ 3 അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് പരാമർശം (2) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പെരുമ്പാവൂർ വളയംചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജിൽ കെമിസ്ട്രി വിഭാഗത്തിൽ 3 അദ്ധ്യാപക തസ്തിക കൂടി സൃഷ്ടിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ഉഷ ടൈറ്റസ്**

പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2) അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ഉപരിപത്രം സഹിതം)
3) അക്കൗണ്ടന്റ് ജനറൽ( എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം
3) രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
4) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
5) മാനേജർ, ശ്രീ ശങ്കര വിദ്യാപീഠം കോളേജ്, വളയംചിറങ്ങര
6) പൊതുഭരണ (എസ്.സി) വകുപ്പ് (15.01.2020 ലെ ഇനം നം.3690 പ്രകാരം)
7) ധനകാര്യവകുപ്പ് (17.10.2019 ലെ എഡ്യൂ ബി3/114/2019-ധന കുറിപ്പ് പ്രകാരം)
8) ഐ & പി ആർ ഡി വകുപ്പ് ( വെബ് & ന്യൂ മീഡിയ)
9) കരുതൽ കോപ്പി / ഓഫീസ് കോപ്പി( ഡി1/143/2016/ഉവിവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-01-2020

ഇനം നം: 3690

ഫയൽ നം. ഡി1/143/2016/ഉ.വി.വ.

വിഷയം : ഉന്നതവിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ വളയൻചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജ് - കെമിസ്ട്രി വിഭാഗത്തിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. ഉന്നത വിദ്യാഭ്യാസ (എയ്ഡഡ്) മേഖലയിൽ ഭാവിയിൽ സമാനമായ കാര്യങ്ങളിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങളിൽ ഒരു പുതിയ നയം രൂപീകരിക്കുന്നതിനായി ഒരു മാസത്തിനകം കരട് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡി1/143/2016/ഉ.വി.വ |
| 2. | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ് |
| 3. | വിഷയം | : | സ്വകാര്യ എയ്ഡഡ് കോളേജുകൾ വളയൻചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജ്- കെമിസ്ട്രി വിഭാഗത്തിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 23.11.2019 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീ. ജി.ഹരികുമാർ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ.ഉഷ ടൈറ്റസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 06.01.2020 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ടോം ജോസ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.01.2020 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.കെ.ടി.ജലീൽ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് മന്ത്രി അംഗീകരിച്ച തീയതി | : | 14.01.2020 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 14.01.2020 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

പെരുമ്പാവൂർ വളയൻചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജിൽ കെമിസ്ട്രി വിഭാഗത്തിൽ മൂന്ന് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2. ശ്രീ ശങ്കര വിദ്യാപീഠം കോളേജ് ഒരു സർക്കാർ എയ്ഡഡ് കോളേജാണ്.

3. സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 615/2013/ഉ.വി.വ. തീയതി 12/09/2013 പ്രകാരം എം.എസ്.സി. കെമിസ്ട്രി ടി കോളേജിൽ അനുവദിക്കുകയുണ്ടായി.

4. സർക്കാർ അനുവദിക്കുകയും കോളേജ് ആരംഭിക്കുകയും ചെയ്ത കോഴ്സിനായി കെമിസ്ട്രി വിഭാഗത്തിൽ 3 പുതിയ അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. പുതിയതായി അനുവദിച്ച കോഴ്സിന്റെ ജോലിഭാരം ഉൾപ്പെടെ കെമിസ്ട്രി വിഭാഗത്തിൽ 122 മണിക്കൂർ ജോലിഭാരം ഉള്ളതായിട്ടാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുള്ളത്.

5. പുതിയ അദ്ധ്യാപക തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് കോളേജ് മാനേജർ ബഹു.ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ WP(C) 1362/2018 ഫയൽ ചെയ്യുകയും 17.01.2019 തീയതിയിലെ വിധിന്യായം പ്രകാരം ഈ വിഷയത്തിൽ സർക്കാർ തീരുമാനമെടുക്കുവാൻ ഉത്തരവാകുകയുമുണ്ടായി. ടി കോളേജിൽ തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിഗണിച്ച വരവെ എസ്.എസ്.വി. കോളേജ് മാനേജർ സർക്കാരിനെതിരെ CC(C)No.1579/2019 നമ്പരായി കോടതിയലക്ഷ്യക്കേസ് ഫയൽ ചെയ്യുകയുണ്ടായി. നിലവിലെ സ്ഥിതി കോടതി മുമ്പാകെ ബോധിപ്പിച്ചുവെങ്കിലും 15.01.2020 ന് മുമ്പ് കോടതിവിധി നടപ്പിലാക്കുന്നതിനും അല്ലാത്തപക്ഷം 21.01.2020 ന് ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയും ധനകാര്യ വകുപ്പ് സെക്രട്ടറിയും ബഹു.ഹൈക്കോടതി മുമ്പാകെ നേരിട്ട് ഹാജരാകണമെന്ന് 06.12.2019 ന് ഉത്തരവായിരിക്കുന്നു.

6. ഇതിനു സമാനമായി 2013 ൽ അനുവദിച്ച കോഴ്സുകളുടെ ജോലിഭാരം കൂടി കണക്കാക്കി എറണാകുളം സെന്റ് ആൽബർട്സ് കോളേജിലെ ഇക്കണോമിക്സ് വിഭാഗത്തിൽ 4 അദ്ധ്യാപക തസ്തികയും, ഇരിഞ്ഞാലക്കുട സെന്റ് ജോസഫ്സ് കോളജിലെ മലയാള വിഭാഗത്തിൽ 3 അദ്ധ്യാപക തസ്തികയും കോടതിവിധികളുടെ അടിസ്ഥാനത്തിൽ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്

7. ശ്രീ ശങ്കര വിദ്യാപീഠം കോളേജിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ധനകാര്യവകുപ്പ് ഇപ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി;

" വളയംചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജിൽ ബഹു മന്ത്രിസഭയുടെ അംഗീകാരത്തോടെ കെമിസ്ട്രി വിഭാഗത്തിൽ 3 അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനു ധനകാര്യ വകുപ്പ് അനുമതി നൽകുന്നു"

ഈ തീരുമാനത്തിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

8. അതിനാൽ ശ്രീ ശങ്കര വിദ്യാപീഠം കോളേജിൽ കെമിസ്ട്രി വിഭാഗത്തിൽ 3 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു. ഇതിനെത്തുടർന്ന് ഈ വിഷയം 26.12.2019 ലെ മന്ത്രിസഭായോഗത്തിന് സമർപ്പിച്ചതിൽ ഈ കുറിപ്പ് "പിൻവലിച്ചു" എന്ന് ഇനം നമ്പർ "3607" പ്രകാരം തീരുമാനമെടുത്തിരുന്നു.

9. എം.എസ്.സി. കെമിസ്ട്രി കോഴ്സിന് സർക്കാർ ഉത്തരവിലൂടെ 12/09/2013 ന് അനുവദിച്ചതിനാലും 15.01.2020 ന് മുമ്പ് കോടതി ഉത്തരവ് നടപ്പിലാക്കാത്ത പക്ഷം 21.01.2020 ന് ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയും ധനകാര്യ വകുപ്പ് സെക്രട്ടറിയും ബഹു.ഹൈക്കോടതി മുമ്പാകെ

നേരിട്ട് ഹാജരാകണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിരിക്കുന്ന സാഹചര്യത്തിലും മന്ത്രിസഭയുടെ അംഗീകാരത്തോടെ ശ്രീ ശങ്കര വിദ്യാപീഠം കോളേജിൽ കെമിസ്ട്രി വിഭാഗത്തിൽ 3 തസ്തിക സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയ സാഹചര്യത്തിലും ഈ വിഷയം മന്ത്രിസഭയുടെ പരിഗണനക്കായി സമർപ്പിക്കുന്നു.

**തീരുമാനമെടുക്കേണ്ട വിഷയം**

പെരുമ്പാവൂർ വളയൻ ചിറങ്ങര ശ്രീ ശങ്കര വിദ്യാപീഠം കോളേജിൽ കെമിസ്ട്രി വിഭാഗത്തിൽ 3 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാമോ?